**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 298** **23-08-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിന്റെ ആദ്യ ഘട്ടമായി, വൈവിദ്ധ്യവത്കരണത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗവുമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. 2 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾ.<br><br>കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതാണ്.<br><br>കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പതിവ് റേഷൻ ഉൽപ്പന്നങ്ങൾക്ക് പുറമെ റേഷൻ കടകൾ വഴി മറ്റ് പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | റേഷൻ കടകളിലൂടെ മറ്റെന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ? | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ